351/08/ധന നമ്പർ പ്രകാരം 3 കോടി രൂപ വരെ അടങ്കൽ ഉള്ള പദ്ധതികൾക്ക് ഭരണവകുപ്പുകൾക്ക് തന്നെ ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 3 കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികൾക്ക് ധനകാര്യ വകുപ്പ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വഴി ഭരണാനുമതി നൽകുന്നുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനമാസം ട്രഷറികളിൽ നിന്ന് മുൻകൂറായി പണം പിൻവലിച്ച് പദ്ധതി ചെലവായി കാണിക്കുന്ന പ്രവണത ഒഴിവാക്കാനായി മാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിലും നിയന്ത്രണമേർപ്പെടുത്തി എല്ലാ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉചിതമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

**നിർവ്വഹണ ഏജൻസികൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള ഫണ്ടുകൾ**

**128 (5833)** ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ-ഗവൺമെന്റ് സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറ്റം ചെയ്തിട്ടുള്ള ഫണ്ടുകൾ 2006-07 മുതൽ 2009-10 വരെ എത്ര വീതമെന്ന് അറിയിക്കുമോ ;

(ബി) 2008-09 സാമ്പത്തിക വർഷം ഇപ്രകാരം എത്ര തുക സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് ലഭിച്ചു ;

(സി) ചെലവഴിച്ച തുക 2006-07 മുതൽ 2009-10 വരെ എത്ര വീതമാണ് ;

(ഡി) നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര തുക ആകെ നീക്കിയിരിപ്പുണ്ട് ;

(ഇ) സംസ്ഥാന നിർവ്വഹണ ഏജൻസികൾ നടപ്പിലാക്കിതും ഇതിനായി ഇൻഡ്യാ ഗവൺമെന്റ് നേരിട്ട് ഫണ്ടുകൾ നല്കിയതുമായ ഇൻഡ്യാ ഗവൺമെന്റിന്റെ പ്രധാന ഫ്ളാഗ്ഷിപ്പ് പദ്ധതികളുടെയും മറ്റു പ്രധാന പദ്ധതികളുടെയും യഥാർത്ഥത്തിൽ ചെലവായ തുക കണ്ടുപിടിക്കാൻ നിലവിൽ എന്തു സംവിധാനമാണുള്ളത് ; വ്യക്തമാക്കുമോ ;

(എഫ്) ഇപ്രകാരം ചെലവാകുന്ന തുക കണ്ടു പിടിക്കാൻ നിലവിൽ സംവിധാനമില്ലെങ്കിൽ ആയത് അടിയന്തരമായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2009 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 2008-09 സാമ്പത്തിക വർഷം ഇൻഡ്യാ ഗവൺമെന്റ് സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറ്റം ചെയ്ത തുക 913.47 കോടി രൂപയാണ്. 2006-07, 2007-08, 2009-10 വർഷങ്ങളിൽ ലഭിച്ച തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2009 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 2008-09 സാമ്പത്തിക വർഷം ഇൻഡ്യാ ഗവൺമെന്റ് സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറ്റം ചെയ്ത തുക 913.47 കോടി രൂപയാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഈ ഫണ്ടുകൾ സംസ്ഥാന ബഡ്ജറ്റിലൂടെയോ ട്രഷറി സംവിധാനത്തിലൂടെയോ വിനിയോഗിക്കപ്പെടുന്നവയല്ല. അതിനാൽ യഥാർത്ഥ ചെലവിന്റെ വിവരം ശേഖരിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. ഈ പദ്ധതികൾക്കായി ചെലവായ തുകയെ സംബന്ധിച്ച കണക്കുകൾ ഓരോ നിർവ്വഹണ ഏജൻസികളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ചാൽ മാത്രമേ മൊത്തത്തിൽ ചെലവായ തുക കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

(എഫ്) പ്രായോഗിക സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

**129 (5834)** പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ മോണിറ്റർ ചെയ്യുന്നതിനായി ധനകാര്യ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സെൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) വിവിധ വകുപ്പുകളിലെ ഫാറങ്ങളുടെ വിലയും ഈടാക്കുന്ന ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) വയൽ നികത്തൽ റഗുലറൈസ് ചെയ്ത ഇനത്തിൽ എന്തു തുകയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട് ;

(ഇ) സാധാരണക്കാരെ നേരിട്ടു ബാധിക്കാത്ത ഇനങ്ങളിൽ മാത്രം വർദ്ധനവ് വരുത്താൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-8-2006-ലെ മന്ത്രിസഭാ തീരുമാനപ്രകാരം വിവിധ വകുപ്പുകളുടെ ധനാഗമമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രൊപ്പോസലുകൾ സ്വീകരിക്കുകയും അതിൽ പ്രായോഗികമായവ നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഫീസ്/സർവ്വീസ്



LIBRARY ARCHIVES Kerala Legislative Assembly